# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/305/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/305/2022 തീയ്യതി: 05/05/2022

## കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 15-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-01-2020 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 16-02-2022 | 24-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-02-2022 | 24-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഉഷ. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രത്യൂഷ്. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ചന്ദ്രദാസൻ. എ. വി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. സതീഷ് ബാബു. പി. കെ. | സെക്രട്ടറി | 01-04-2019 | 18-07-2019 |
| ശ്രീ. പത്മനാഭൻ. കെ. വി. | സെക്രട്ടറി | 19-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സവിത. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീ സന്തോഷ് കുമാർ. ജി. | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2019 | 04-08-2019 |
| ശ്രീമതി. നിഷ. പി. വി. | അസിസ്റ്റന്റ് സെക്രട്ടറി | 05-08-2019 | 31-03-2020 |
| ശ്രീ. സന്തോഷ്. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 21-05-2019 |
| ശ്രീമതി. പ്രിയ. വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 22-05-2019 | 31-03-2020 |
| ശ്രീമതി. ജിനി ജേക്കബ് | കൃഷി ഓഫീസർ | 01-04-2019 | 11-06-2019 |
| ശ്രീ. പ്രശാന്ത് അരവിന്ദ് | കൃഷി ഓഫീസർ | 12-06-2019 | 05-08-2019 |
| ശ്രീമതി. ജിനി ജേക്കബ് | കൃഷി ഓഫീസർ | 06-08-2019 | 19-09-2019 |
| ശ്രീ. പ്രശാന്ത് അരവിന്ദ് | കൃഷി ഓഫീസർ | 20-09-2019 | 30-09-2019 |
| ശ്രീ. അശോകൻ കല്യാടൻ | കൃഷി ഓഫീസർ | 01-10-2019 | 31-12-2019 |
| ശ്രീമതി. ഹൃദ്യ വി രാമചന്ദ്രൻ | കൃഷി ഓഫീസർ | 01-01-2020 | 31-03-2020 |
| ശ്രീമതി. രസിക. കെ. എം | വി.ഇ.ഒ. | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. സജിത്ത് പ്രസാദ് | മെഡിക്കൽ ഓഫീസർ PHC | 01-04-2019 | 31-03-2020 |
| ഡോ. സന്തോഷ് കുമാർ. ടി.വി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. എസ്. രാജശ്രീ. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 01-11-2019 |
| ഡോ. സീമ. പി. എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 02-11-2019 | 31-03-2020 |
| ഡോ. അഞ്ജു. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഉഷ. വി. പി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 08-06-2019 |
| ശ്രീമതി. ജീന കോറോത്ത് | ഐ സി ഡി എസ് സൂപ്പർവൈസർ | 09-06-2019 | 31-03-2020 |
| ശ്രീ. സജീവ്. ടി.കെ. | ഹെഡ് മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീമതി. ശാലിനി ദേവി. വി. | ഹെഡ് മാസ്റ്റർ | 01-06-2019 | 21-10-2019 |
| ശ്രീ. സജീവ്. ടി.കെ. | ഹെഡ് മാസ്റ്റർ | 22-10-2019 | 18-02-2020 |
| ശ്രീമതി. ശാലിനി ദേവി. വി. | ഹെഡ് മാസ്റ്റർ | 19-02-2020 | 31-03-2020 |
| ശ്രീ. അനീഷ് കുമാർ. എ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 21-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-04-2022) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 21-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-02-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 26-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-02-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Usha.A (Asst. Audit Officer, On 24-02-2022)<br>Last Updated By: Usha.A (Asst. Audit Officer, On 24-02-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Jyothish Kumar (Audit Officer (HG), On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-10 |
| 13 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: PRATHYOOSH S (Auditor, On 24-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-02-2022) | 1-11 |
| 14 | എഫ് ടി ഇ & ഒ എസ് ലൈസൻസ്-അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല.<br>Written By: PRATHYOOSH S (Auditor, On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-12 |
| 15 | വാടക - അപാകങ്ങൾ<br>Written By: PRATHYOOSH S (Auditor, On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-13 |
| 16 | കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണമല്ല<br>Written By: PRATHYOOSH S (Auditor, On 24-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-14 |
| 17 | ടി ആർ.7 എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല<br>Written By: Usha.A (Asst. Audit Officer, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-15 |

| | | |
|---|---|---|
| 18 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് -എൻ.പി.എസ് വിഹിതം ഒടുക്കിയിതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 25-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 25-02-2022) | 1-16 |
| 19 | പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Usha.A (Asst. Audit Officer, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-17 |
| 20 | എസ്.എസ്.എ. വിഹിതം നൽകൽ- ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Usha.A (Asst. Audit Officer, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-18 |
| 21 | വനിതകൾക്ക് യോഗ പരിശീലനം (സ്പിൽ ഓവർ) - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹36,000 യുടെ ചെലവ് തടസ്സപ്പെടുത്തന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-19 |
| 22 | വനിതകൾക്ക് യോഗ പരിശീലനം - ഓണറേറിയം അധികം നൽകി; ₹800 യുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Jyothish Kumar (Audit Officer (HG), On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-20 |
| 23 | കുനിയിൽ ഗവൺമെന്റ് എൽ.പി.എസ് സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ- അപാകങ്ങൾ കാരണം ₹26600 അധികം അനുവദിച്ചത് അംഗീകരിക്കുന്നില്ല.<br>Written By: Usha.A (Asst. Audit Officer, On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-21 |
| 24 | ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടുന്ന പദ്ധതി ഗ്രാമപഞ്ചായത്ത് നടപ്പാക്കി - ചെലവ് തുക ₹36000/- തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-22 |
| 25 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധികം നൽകിയ ₹7200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-23 |
| 26 | വിദ്യാലയങ്ങളിൽ വായന കോർണർ-സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.<br>Written By: Usha.A (Asst. Audit Officer, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-24 |
| 27 | തുല്യത പദ്ധതി - ചെലവ് പത്രികയിലെ അപാകം വ്യക്തമാക്കാത്തതിനാൽ അധികം ചെലവഴിച്ച 300രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-25 |
| 28 | മുട്ടക്കോഴി വിതരണം-അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 24-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-26 |
| 29 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - മോണിറ്ററിംഗ് ഇല്ല<br>Written By: Shiju A (Asst. Audit Officer, On 24-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 1-27 |
| 30 | | 1-28 |

| | | |
|---|---|---|
| | പൊതുമരാമത്ത് പ്രവർത്തികൾ അവലോകനം<br>Written By: Shiju A (Asst. Audit Officer, On 24-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 18-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-02-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 18-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 05-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 18-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 18-02-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipt & Payment Statement Of New Mahe Grama Panchayat For The Period From 01-April-2019 To 31-March-2020 | |
| 4 | Income & Expenditure Statement Of New Mahe Grama Panchayat For The Period From 01-April-2019 To 31-March-2020 | |
| 5 | Balance Sheet Of New Grama Panchayat For The Period From 01-April-2019 To 31-March-2020 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2019-20ലെ ബജറ്റ് 18-2-2019 ലെ 30/19-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17236627 |
| വരവ് | 68796927 |
| ആകെ | 86033554 |
| ചെലവ് | 76653639 |
| നീക്കിയിരിപ്പ് | 9379915 |

## 1-1-1 പുതുക്കിയ ബജറ്റ്

ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയുടെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തെ ബജറ്റിനോടൊപ്പം റിവൈസ്ഡ് ബജറ്റായി അനുബന്ധത്തിൽ ചേർത്തിട്ടുള്ള വിവരങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്.

| | |
|---|---|
| മുന്നിരിപ്പ് | 18744224 |
| വരവ് | 62098684 |
| ആകെ | 80842908 |
| ചെലവ് | 63239333 |
| നീക്കിയിരിപ്പ് | 17603575 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2020 | 31-5-2020 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

2.വസ്തുനികുതി കുടിശ്ശിക കലക്ഷൻ തുക വാർഷിക ധനകാര്യപത്രിക പ്രകാരം സഞ്ചയ സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
3. വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വച്ചിട്ടില്ല.
4. വാർഷിക കണക്കിൽ 2011-ലെ കേരള പഞ്ചായത്ത് ആക്ട് അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
5. വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|
| വസ്തുനികുതി റസിഡെൻഷ്യൽ കുടിശ്ശിക കലക്ഷൻ | 9136 | 8749 |
| വസ്തുനികുതി നോൺ റസിഡെൻഷ്യൽ കുടിശ്ശിക കലക്ഷൻ | 270528 | 270987 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2019-20 |
|---|---|
| | |

| | |
|---|---|
| മുന്നിരിപ്പ് | 17518502 |
| വരവ് | 32441093 |
| ആകെ | 49959595 |
| ചെലവ് | 28664620 |
| നീക്കിയിരിപ്പ് | 21294975 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | 27400 |
| തടസ്സപ്പെടുത്തിയ തുക | 79500 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 7851800 | 7851800 | 6658819 | 1192981 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 488000 | 488000 | 487978 | 22 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5466348 | 5466348 | 1448646 | 4017702 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 2264000 | 2264000 | 467242 | 1796758 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 3251000 | 3251000 | 2312284 | 938716 |
| തൊഴിലുറപ്പ് പദ്ധതി | 2444 | 4164818 | 4167262 | 3914127 | 253135 |
| തൊഴിലുറപ്പ് പദ്ധതി - ഇൻസെന്റീവ് | 0 | 90000 | 90000 | 90000 | 0 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 213950 | 0 | 213950 | 0 | 213950 |
| ഐ.സി.ഡി.എസ് | 399855 | 79894 | 479749 | 399855 | 79894 |
| വിമുക്തി | 33500 | 0 | 33500 | 0 | 33500 |
| എം.പി. ഫണ്ട് | 2317 | 86 | 2403 | 0 | 2403 |
| ശുചിത്വമിഷൻ | 1000000 | 0 | 1000000 | 0 | 1000000 |
| അഗതിരഹിത കേരളം | 0 | 400636 | 400636 | 400636 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 138 | 37086539 | 97 | 16816576 | 16 | 41 | 58.7 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 26 | 21 | 3202353 | 2146697 | 67.03 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 780924 | 551432 | 70.61 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 48 | 17 | 15882941 | 5192218 | 32.69 |
| 4 | കൃഷി ഓഫീസർ | 7 | 7 | 1161837 | 1161617 | 99.98 |
| 5 | വി.ഇ.ഒ. ന്യൂമാഹി | 13 | 12 | 9696752 | 3033020 | 31.28 |
| 6 | മെഡിക്കൽ ഓഫീസർ PHC | 10 | 9 | 2004206 | 1004144 | 50.1 |
| 7 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 264000 | 264000 | 100 |
| 8 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 140000 | 140000 | 100 |
| 9 | വെറ്റിനറി സർജൻ | 6 | 6 | 794140 | 509260 | 64.13 |
| 10 | ICDS സൂപ്പർവൈസർ | 5 | 5 | 1732175 | 1632007 | 94.22 |
| 11 | ഹെഡ് മാസ്റ്റർ | 6 | 6 | 988931 | 773457 | 78.21 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 3 | 438280 | 408724 | 93.26 |
| | ആകെ | 138 | 97 | 37086539 | 16816576 | 45.34 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2444 | 626063 | 628507 | 375372 | 253135 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3538755 | 3538755 | 3538755 | 0 |
| ആകെ | 2444 | 4164818 | 4167262 | 3914127 | 253135 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 1 | 600 |
| കർഷകതൊഴിലാളി പെൻഷൻ | 23 | 119400 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 49 | 3267600 |
| വാർദ്ധക്യകാല പെൻഷൻ | 253 | 7958700 |
| വികലാംഗ പെൻഷൻ | 10 | 900700 |
| അവിവാഹിത പെൻഷൻ | 5 | 609000 |
| വിവാഹ ധനസഹായം | 3 | 90000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-2-2022 ന് 3.06 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹33,652 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും ക്യാഷിന്റെയും ബാങ്കിന്റയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം ആകെ 16 തവണ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്. ഓരോ യോഗത്തിലും മുൻ യോഗ തീരുമാനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. യോഗ തീരുമാനങ്ങൾ യോഗത്തിൽ പങ്കെടുത്തവർക്ക് സർക്കുലേറ്റ് ചെയ്യുന്നുമുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ ചേരുന്നതും സ്റ്റാഫ് മീറ്റിംഗ് മിനുട്സ് സൂക്ഷിക്കുന്നതും മാതൃകാപരമാണ്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലും 7/2019, 12/2019, 2/2020 എന്നീ മാസങ്ങളിൽ മൂന്ന് തവണ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. 7/2019 ലെ പ്രധാന അജണ്ട വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, 2018-19 വരവ് ചെലവ് അംഗീകരിക്കൽ, ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യൽ, തൊഴിലുറപ്പ് പദ്ധതി എന്നീ വിഷയങ്ങളും 12/2019 ലെ പ്രധാന അജണ്ട തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് അംഗീകരിക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ എന്നീ വിഷയങ്ങളും 2/2020ലെ പ്രധാന അജണ്ട 2019-20 വർഷത്തെ പദ്ധതി അവലോകനം, 2020-21 വാർഷിക പദ്ധതി ആസൂത്രണം എന്നീ വിഷയങ്ങളുമാണ്.

## 1-11 തൊഴിൽ നികുതി അപാകങ്ങൾ

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം മോഡേൺ ബിൽഡിങ് പ്ലാൻ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും പിഴയും അടവാക്കാൻ നോട്ടീസ് നൽകിയെങ്കിലും നികുതി അടച്ചതായി കാണുന്നില്ല. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

1. ചെമ്മീൻ ഹാച്ചറി
2. ശാന്തി മെഡിക്കൽസ്
3. അലിഫ് ലൈൻ സൂപ്പർ മാർക്കറ്റ്
4. മയ്യലവിയാ സോ മിൽ
5. ആശി വുഡ് ടച്ച്
6. സീസൺസ് ഫ്ലോർ മിൽ
7. നയന മോട്ടോർസ്
8. ആർ. ചന്തു നായർ & സൺസ്

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 എഫ് ടി ഇ & ഒ എസ് ലൈസൻസ്-അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല.

2019-20 സാമ്പത്തിക വർഷത്തെ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ അപേക്ഷകളിലൊന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ കൈക്കൊണ്ടതായി കാണുന്നില്ല. എന്ത് മാനദണ്ഡമാക്കിയാണ് ലൈസൻസ് ഫീ നിശ്ചയിച്ചതെന്ന വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നമ്പർ 15/22-2-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 31-10-2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ ഇത് കൃത്യമായി രേഖപ്പെടുത്താത്തതിനാൽ പട്ടിക II പ്രകാരം ശരിയായാണോ ഫീ നിശ്ചയിച്ചതെന്ന പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകം തിരുത്താൻ തയ്യാറാകാതെ തുടർന്നും ആവർത്തിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി രേഖപ്പെടുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-13 വാടക - അപാകങ്ങൾ

നൃമാഹി ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 24 കട മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഇവയിൽ 2 കടമുറികൾ ഒഴികെ ബാക്കിയുള്ള 22 കടമുറികളിൽ നിന്നും കേന്ദ്ര ചരക്ക് സേവന നികുതി, സംസ്ഥാന ചരക്ക് സേവന നികുതി, പ്രളയ സെസ്സ് എന്നിവ 2019-20 സാമ്പത്തിക വർഷം എല്ലാ മാസവും ഈടാക്കിയിട്ടില്ല. തന്മൂലം കേന്ദ്ര/സംസ്ഥാന സർക്കാറുകൾക്ക് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കുടിശ്ശിക മുൻ വർഷങ്ങളിലേതുൾപ്പെടെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച് കരട് ബൈലോ 13.08.1996 തീയതിയിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയതിന ഇതുവരെ സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല. ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണമല്ല

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുകയില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമായേക്കാം. പെർമിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം 7 കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ വസ്തു നികുതി പുനർ നിർണയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും കൃത്യമായ മറുപടി നൽകിയിട്ടില്ല. കൂട്ടിച്ചേർക്കൽ നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് വസ്തു നികുതി പുനർ നിർണയിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 ടി ആർ.7 എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

ധനകാര്യ വകുപ്പിന്റെ 12-4-2006 ലെ ജി ഒ (പി) 177/2006 ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വിവരം ടി ആർ.7 എ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ ടി. ആർ. 7 എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ എല്ലാ വരവ് ചെലവുകളും ക്യാഷ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി- 10/21.02.22)

## 1-16 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് -എൻ.പി.എസ് വിഹിതം ഒടുക്കിയിതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ന്യമാഹി ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ നമ്പർ 21900098/20.5.2019 പ്രകാരം ₹175999 ജീവനക്കാരുടെ 1/2018 മുതൽ 3/2019 വരെയുള്ള കാലയളവിലെ ക്ഷാമബത്ത കുടിശ്ശികയിനത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ NPS ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം ഈടാക്കാതെയാണ് ടി ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്ത അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പേര് | തസ്തിക | അനുവദിച്ച തുക |
|---|---|---|
| സ്മിത.കെ.സി | ക്ലാർക്ക് | 10905 |

ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തും തുല്യവിഹിതം ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 21/24-2-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം ഈടാക്കി പഞ്ചായത്ത് വിഹിതവും കൂടി ചേർത്ത് ഒടുക്കു വരുത്തേണ്ടതാണ്.

## 1-17 പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ന്യമാഹി ഗ്രാമപഞ്ചായത്തിൽ ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ക്ഷേമ പെൻഷൻ തുക 2022 ജനവരി മാസം വരെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| പേര് | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം |
|---|---|---|---|
| റഹീമ ബീവി. എൻ | 111530200455 | 21.10.19 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| നാണികുട്ടി അമ്മ | 111530201098 | 10.11.19 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| ബീവി. വി.കെ | 707037779106 (Aadhar) | 2.12.2019 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| കെ.എം. മുസ്ഥഫ | 111530400140 | 11.7.19 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| നാണു. കെ.കെ | 111530200122 | 14.6.19 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| ടി.കെ. ദേവൂട്ടി | 111530100001 | 2.6.19 | കർഷക തൊഴിലാളി പെൻഷൻ സ്കീം |
| ബാലൻ.കെ | 111530200670 | 30.4.19 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| ശാരദ.എസ്.പി | 111530200309 | 7.3.19 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| രാജൻ.എ.പി | 111530201652 | 9.1.2020 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| റാബിയ.ഇ.പി | 111530200856 | 31.5.20 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ടോയെന്നും അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(24/24.02.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത് സസ്പെൻഡ് ചെയ്യേണ്ടതാണ്. അധികം നൽകിയ തുക തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-18 എസ്.എസ്.എ. വിഹിതം നൽകൽ- ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ പി സ്കൂൾ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 50/19-20സർവ്വ ശിക്ഷാൻ അഭ്യാൻ വിഹിതം കൈമാറൽ |
| അടങ്കൽ | ₹ 7,37,321 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹ 5,50,000 |
| ബിൽ നമ്പർ / തീയതി | 2/19-20/08-08-2019 |

എസ്.എസ്.എ പഞ്ചായത്ത് വിഹിതം ഒടുക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹5,50,000 എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 19220352010600408464) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആനുവൽ വർക്ക് പ്ലാനും ബജറ്റും അനുസരിച്ച് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർ അനുവദിക്കുന്ന വിശദമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 8/21.02.22) ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയാണ് ചെയ്തത്. എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസറുടെ വിശദമായ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.വിശദമായ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-19 വനിതകൾക്ക് യോഗ പരിശീലനം (സ്പിൽ ഓവർ) - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹36,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ട് നമ്പർ / പേര് | 112/20 വനിതകൾക്ക് യോഗ പരിശീലനം സ്പിൽ ഓവർ |
| അടങ്കൽ | ₹36,000 വികസന ഫണ്ട് |
| ചെലവ് | ₹36,000 ബിൽ നമ്പർ : 1/19-20/10-5-2019 |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വനിതകൾക്ക് യോഗ പരിശീലനം നൽകുന്നതിന് സ്പിൽ ഓവർ പ്രോജക്ടായി 2019-20 ൽ ₹36,000 ചെവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 7/20-2-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ട്രഷറി ബില്ലിന്റെ പകർപ്പും ഓണറേറിയം തുകയായ ₹36,000 യുടെ കൈപ്പറ്റ് രശീതിയും മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ലഭ്യമാക്കിയത്. യോഗ പരിശീലനം ലഭിച്ച വനിതകളുടെ ഹാജർ വിവരം, ഏതൊക്കെ തീയ്യതികളിലാണ് യോഗ പരിശീലന ക്ലാസുകൾ നടത്തിയതെന്നുള്ള വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹36,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വനിതകൾക്ക് യോഗ പരിശീലനം - ഓണറേറിയം അധികം നൽകി; ₹800 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ട് നമ്പർ / പേര് | 58/20 വനിതകൾക്ക് യോഗ പരിശീലനം |
| അടങ്കൽ | ₹46,100 വികസന ഫണ്ട്<br>₹1900 തനത് ഫണ്ട്<br>ആകെ : 48,000 |
| ചെലവ് | ₹46,100 ബിൽ നമ്പർ : 3/19-20/28-2-2020 |

| | |
|---|---|
| | ₹1,900 ചെക്ക് നമ്പർ : 02006648/2-3-2020<br>ആകെ : ₹48,000 |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വനിതകൾക്ക് യോഗ പരിശീലനം നൽകുന്നതിന് 20 പേരടങ്ങുന്ന 4 ഗ്രൂപ്പുകൾക്ക് പ്രതിമാസം 30 ദിവസം പരിശീലനം നൽകുന്നതിനായി ₹48,000 ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.3190/2017/ ത.സ്വ.ഭ.വ/3-10-2017 പ്രകാരം യോഗ പരിശീലകന് പ്രതി ദിനം ₹400 നിരക്കിൽ പ്രതിമാസം പരമാവധി ₹12000 നൽകുന്നതിനാണ് അനുമതിയുള്ളത്. ഈ പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് യോഗ പരിശീലനം ലഭിച്ച വനിതകളുടെ ഹാജർ വിവരം, യോഗ പരിശീലനം നൽകിയ ഇൻസ്ട്രക്ടറായ ശ്രീമതി. പ്രസന്ന. എ എന്നവർ ഓണറേറിയം കൈപ്പറ്റിയതിന്റെ വിവരം, ഏതൊക്കെ തീയ്യതികളിലാണ് യോഗ പരിശീലന ക്ലാസുകൾ നടത്തിയതെന്നുള്ള വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയോടൊപ്പം മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പരിശീലനം നൽകിയത് 18-10-2019 മുതൽ 14-2-2020 വരെ തുടർച്ചയായ 120 ദിവസമാണ്. പ്രതി ദിനം ₹400 നിരക്കിൽ 120 ദിവസത്തേക്ക് ₹48,000 ശ്രീമതി. പ്രസന്ന. എ എന്നവർക്ക് നൽകുകയും ചെയ്തു. ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ 31 വീതം ദിവസത്തേക്ക് പ്രതിമാസ പരിധി കണക്കിലെടുക്കാതെ ഓണറേറിയം നൽകിയിട്ടുണ്ട്. ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ ₹12000 വീതം നൽകുന്നതിന് പകരം ₹ 12400 വീതം നൽകിയിട്ടുണ്ട്. അധികം നൽകിയ രണ്ട് ദിവസത്തെ ഓണറേറിയം തുകയായ ₹800 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

## 1-21 കുനിയിൽ ഗവൺമെന്റ് എൽ.പി.എസ് സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ- അപാകങ്ങൾ കാരണം ₹26600 അധികം അനുവദിച്ചത് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 56/19-20 കുനിയിൽ ഗവൺമെന്റ് എൽ.പി.എസ് സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ |
| അടങ്കൽ | ₹ 25,000 വികസന ഫണ്ട്<br>₹ 13000 തനത് ഫണ്ട് |
| ആകെ അടങ്കൽ | ₹ 38000 |
| ചെലവ് | ₹ 25,000 വികസന ഫണ്ട്<br>₹ 13,000 തനത് ഫണ്ട് |
| ബിൽ നമ്പർ,തീയതി, തുക | 3/19-20,15.10.19 ₹15200<br>8/19-20,20.12.19 ₹9800 |
| ചെക്ക് നമ്പർ : 02005580/12.02.20 | ₹ 13,000 |

കുനിയിൽ ഗവൺമെന്റ് എൽ.പി.എസ് സ്കൂളിലെ 38 വിദ്യാർത്ഥികൾക്ക് ദിവസം 5 രൂപ വെച്ച് 200 പ്രവൃത്തി ദിനങ്ങളിൽ പ്രഭാത ഭക്ഷണം നൽകുന്നതിന് ആകെ 38000 രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയത്. ഇതിനായി ക്വാട്ടേഷൻ സ്വീകരിക്കുകയും 42 കുട്ടികൾക്ക് 23 ദിവസത്തേക്ക് വ്യത്യസ്തങ്ങളായ പ്രഭാത ഭക്ഷണം 3800 രൂപ നിരക്കിൽ നൽകാൻ തയ്യാറായ പ്രമീള സി.എം എന്നവരുടെ ക്വാട്ടേഷനാണ് അംഗീകരിച്ചത്.

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. കുനിയിൽ ഗവൺമെന്റ് എൽ.പി. സ്കൂളിൽ മേൽ പ്രോജക്ട് പ്രകാരം വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കിയിട്ടുണ്ട്. മേൽ പ്രോജക്ടിന് വേണ്ടി 25000 രൂപ വികസന ഫണ്ടിൽ നിന്നും 13000 രൂപ തനത് ഫണ്ടിൽ നിന്നും ആകെ 38000 ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ 7.8.3 ഭക്ഷണവിതരണ പരിപാടികൾ എന്ന ഖണ്ഡികയിൽ അദ്ധ്യാപക -രക്ഷകർതൃ സമിതിയുടെ ചുമതലയിൽ നടപ്പാക്കുന്ന പ്രോജക്ടിന് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

2. 69 ദിവസത്തേക്ക് 42 വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകിയതായാണ് ഫയലിൽ കാണുന്നത്. ക്വാട്ടേഷൻ പ്രകാരം 42 കുട്ടികൾക്ക് 23 ദിവസത്തേക്ക് വ്യത്യസ്തങ്ങളായ പ്രഭാത ഭക്ഷണം നൽകുന്നതിന 3800 രൂപ നിരക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. അങ്ങിനെയാണെങ്കിൽ 69 ദിവസത്തേക്ക് 42 വിദ്യാർത്ഥികൾക്ക് 11400 രൂപ മാത്രമെ ചെലവഴിക്കാൻ പാടുള്ളൂ. എന്നാൽ അടങ്കൽ വെച്ച മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു.

3.മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/21.02.22)

സ്കൂൾ രക്ഷകർതൃ സമിതിയുടെ പൂർണ്ണ പിന്തുണ വർഷവസാനം വരെ നിലനിർത്താൻ സാധിച്ചില്ലെന്നതിനാൽ പഞ്ചായത്ത് ഫണ്ട് തന്നെ ആശ്രയിക്കേണ്ടി വന്നു എന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. എന്നാൽ 69 ദിവസത്തേക്ക് പ്രഭാത ഭക്ഷണം നൽകിയതിന് മുഴുവൻ തുകയും വിനിയോഗിച്ചതിനു മറുപടി നൽകിയിട്ടില്ല. ഭക്ഷണം നൽകാത്ത ദിവസങ്ങളിലും തുക അനുവദിച്ചതു കാരണം പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. 26600 രൂപ അധികം അനുവദിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടുന്ന പദ്ധതി ഗ്രാമപഞ്ചായത്ത് നടപ്പാക്കി - ചെലവ് തുക ₹36000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 55/20 നിർഭയ 4ാം ഘട്ടം |
| അടങ്കൽ | ₹ 36,000 തനത് ഫണ്ട് |
| ചെലവ് | ₹ 36,000 തനത് ഫണ്ട് |
| ചെക്ക് നമ്പർ : 02005579/12-02-2020 | ₹ 36000 |

നൃമാഹി പഞ്ചായത്തിലെ എം.എം.ഹയർ സെക്കണ്ടറി സ്കൂളിലെ പെൺകുട്ടികൾക്ക് 2019 ജൂലൈ മാസം മുതൽ 2019 ഡിസംബർ മാസം വരെ മാസത്തിൽ 10 ദിവസം തായ്ക്വണ്ട പരിശീലനം നൽകുന്നതാണ് പ്രോജക്ട്. സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായികാദ്ധ്യാപകനാണ് പരിശീലനം നൽകിയിട്ടുള്ളത്. കായികാദ്ധ്യാപകനു മാസം 6000 രൂപ നിരക്കിൽ 6 മാസത്തേക്ക് 36000 രൂപ നൽകുന്നതിനാണ് തുക വിനിയോഗിച്ചത്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ, തിയതി. 29.01.2018 ഖണ്ഡിക 7.6 യിൽ 14 പ്രകാരം "സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കുന്ന 'നിർഭയ' പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന ഇത്തരം പ്രവർത്തനങ്ങളുടെ പരിശീലകരായി സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായികാദ്ധ്യാപകരെ നിയോഗിക്കേണ്ടതാണ്'" എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമായാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തുകൾക്ക് നടത്താവുന്ന പദ്ധതിയാണ് ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. ആയതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/21.02.22) ലഭിച്ച മറുപടിയിൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയത് വിശദമാക്കിയിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 36000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധികം നൽകിയ ₹7200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 24/20, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 3,00,000 -വികസന ഫണ്ട്<br>2,00,000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1,00,000- ജില്ല പഞ്ചായത്ത് വിഹിതം |

| | |
|---|---|
| ആകെ അടങ്കൽ | 6,00,000 |
| ചെലവ് | 3,00,000 -വികസന ഫണ്ട്<br>1,00,000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1,00,000- ജില്ല പഞ്ചായത്ത് വിഹിതം |
| ആകെ ചെലവ് | 5,00,000 |
| ബിൽ നമ്പർ / തീയതി | 6/19-20,17.01.20 ₹ 2,19,050 വികസന ഫണ്ട്<br>11/19-20,29.02.20 ₹80,950 ടി<br>9/19-20, 17.02.20 ₹1,00,000 ജില്ല പഞ്ചായത്ത് |
| ചെക്ക് നമ്പർ,തീയതി | 6461150,28.3.2020 ₹1,00,000 |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് മാസംതോറും ₹1000, പഠന ഉപകരണങ്ങൾ ₹2000, യൂണിഫോം ₹1500, യാത്രബത്ത ₹1000 എന്നിവ പത്ത് മാസം നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കുന്നതിനായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 26 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 24 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിലെ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് സ.ഉ(സാധാ) നമ്പർ 2465/2016തീയ്യതി 17-08-16 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ്മെന്റ് തയ്യാറാക്കാത്തതിനാൽ (ക്ലാസ്, ഡിസ് എബിലിറ്റി, തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയത് ) ഓരോ വിദ്യാർത്ഥിക്കും അർഹമായ മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

3. മാനസിക വെല്ലുവിളി നേരിടുന്ന ഫൈത്തമത്തുൾ അസ്ല. കെ എന്ന വിദ്യാർത്ഥിനി +1 നാണ് പഠിക്കുന്നത്. ടി ഗുണഭോക്താവിനു ₹35700 വാർഷിക ആനുകൂല്യം നല്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/22.02.22) ഉത്തരവ് പ്രകാരം 28500/- രൂപയ്ക്ക് മാത്രമേ അർഹത ഉള്ളതെന്നും അധികം നൽകിയ 7200 രൂപ 2020-21 വർഷത്തിലെ സ്കോളർഷിപ്പ് അനുവദിച്ച ബില്ലുകളിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെന്നുമാണ് മറുപടിയിൽ അറിയിച്ചത്. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ അധികം നൽകിയ ₹7200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

## 1-24 വിദ്യാലയങ്ങളിൽ വായന കോർണർ-സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 53/20 വിദ്യാലയങ്ങളിൽ വായന കോർണർ |
| അടങ്കൽ | ₹ 28860 വികസന ഫണ്ട് |
| ചെലവ് | ₹ 28860 വികസന ഫണ്ട് |
| ബിൽ നമ്പർ/തീയതി | 4/19-20/11-12-2019 ₹28860 |

മേൽ പദ്ധതിയുടെ ഭാഗമായി 13 സ്കൂളുകൾക്ക് 1 വീതം ദേശാഭിമാനി, മാതൃഭൂമി പത്രങ്ങളും, തത്തമ്മ ദ്വൈവാരികയും വിതരണം ചെയ്തതിന് ₹28,860 ചെലവഴിച്ചിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 2019 ജൂൺ മുതൽ 2020 മാർച്ച് മാസം വരെയുള്ള പത്രമാസികകളുടെ തുക 2020 ഡിസംബർ മാസം തന്നെ നൽകിയതായി കാണുന്നു (ദേശാഭിമാനി-₹15860, മാതൃഭൂമി-₹13000). 3 മാസത്തെ തുക മുൻകൂറായി നൽകിയിട്ടുണ്ട്. തുക മുൻകൂർ അനുവദിക്കുന്നത് ധനകാര്യ വകുപ്പിന്റെ 12-4-2006 ലെ ജി ഒ (പി) 177/2006 ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു( 9/21.02.22 ) പ്രോജക്ട് മാർച്ച് അവസാനം വരെ നീട്ടികൊണ്ട് പോകുന്നതിനുള്ള പ്രയാസങ്ങൾ കാരണമാണ് നേരത്തെ തുക അനുവദിച്ചതെന്നാണ് മറുപടിയിൽ അറിയിച്ചത്. വിതരണം ചെയ്യാത്ത പത്രങ്ങൾക്ക് മുൻകൂർ നൽകുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

## 1-25 തുല്യത പദ്ധതി - ചെലവ് പത്രികയിലെ അപാകം വ്യക്തമാക്കാത്തതിനാൽ അധികം ചെലവഴിച്ച 300രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 52/20 പത്താം തരം, പ്ലസ് വൺ തുല്യത പദ്ധതി |
| അടങ്കൽ | ₹ 70,000 വികസന ഫണ്ട്<br>₹ 28750 തനത് ഫണ്ട്<br>ആകെ : ₹98750 |
| ചെലവ് | ₹ 70,000 വികസന ഫണ്ട്<br>₹ 600 തനത് ഫണ്ട് |
| ആകെ ചെലവ്<br>(സുലേഖ ചെലവ് പത്രിക പ്രകാരം) | ₹70600 |
| ബിൽ നമ്പർ/തീയതി, തുക | 5/19-20/11-12-2019 ₹21000<br>6/19-20/11.12.19 ₹41800<br>7/19-20/11.12.19 ₹7200 |
| ചെക്ക് നമ്പർ : 0200581/12-02-2020 | ₹ 300 |

പത്താംതരം, ഹയർ സെക്കണ്ടറി, ഗുഡ് ഇംഗ്ലീഷ് തുല്യതാ പഠനം എന്ന പദ്ധതിക്കായി 12 പത്താംതരം തുല്യതാ പഠിതാക്കൾക്കായി ₹21000 (1750 X 12) കേരള സംസ്ഥാന സാക്ഷരത മിഷന്റെ 57026996123-ാം നമ്പർ അക്കൗണ്ടിലേക്കും 19 ഹയർ സെക്കണ്ടറി (+1 പഠിതാക്കൾ 11, +2 പഠിതാക്കൾ 8 ) തുല്യതാ പഠിതാക്കൾക്കായി ₹41800 (19 X 2200) 02880100113107-ാം നമ്പർ അക്കൗണ്ടിലേക്കും 3 ഗുഡ് ഇംഗ്ലീഷ് പഠിതാക്കൾക്കായി ₹7500, 38444973881-ാം അക്കൗണ്ടിലേക്കും ആകെ ₹70300 ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും പരീക്ഷ എഴുതിയതിന്റേയും വിശദാംശങ്ങളും വിനിയോഗ സാക്ഷ്യ പത്രവും ഹാജരാക്കിയിട്ടില്ല. ചെലവ് പത്രിക (സുലേഖ) പ്രകാരം ആകെ ചെലവ് ₹70600 എന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം ആകെ ചെലവ് ₹70300 രൂപയാണ്. ₹300 യുടെ വ്യത്യാസം വ്യക്തമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/21.02.22) കോഴ്സ് പൂർത്തീകരിച്ചതിന്റേയും പരീക്ഷ എഴുതിയതിന്റേയും വിശദാംശങ്ങൾ എത്രയും വേഗം ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. ചെലവ് പത്രികയിലെ വ്യത്യാസം വ്യക്തമാക്കാത്തതിനാൽ അധികം ചെലവഴിച്ച ₹300 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് പത്രികയിലെ വ്യത്യാസം വ്യക്തമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 മുട്ടക്കോഴി വിതരണം-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്റ്റ് നമ്പർ / പേര് | 157/20, മുട്ടക്കോഴി വിതരണം |
| അടങ്കൽ | ₹70070 തനത് ഫണ്ട്<br>₹70070 ഗുണഭോക്തൃവിഹിതം |

| | |
|---|---|
| | ആകെ : ₹140140 |
| ചെലവ് തുക | ₹102410 ബിൽ നമ്പർ /തീയ്യതി :478/19-20/7-11-2019 |

മേൽ പ്രോജക്ട് പ്രകാരം 133 ഗുണഭോക്താക്കൾക്ക് 7 വീതം കോഴികളെ വച്ച് നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പദ്ധതി അവലോകനം ചെയ്തുകൊണ്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. പദ്ധതിയുടെ കൃത്യമായ അവലോകനത്തിൽ മാത്രമേ പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ കൃത്യമായ മോണിറ്ററിംഗ് നടത്താത്തത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഒരു പദ്ധതിയുടെ പൂർണ വിജയം എന്നത് ആ പദ്ധതിയിൽ നിന്നും വികസനോന്മുഖമായ എന്ത് മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ ഉണ്ടായി എന്നുള്ളതാണ്.എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങളെ വിശകലനം ചെയ്യുന്ന യാതൊരുവിധ മോണിറ്ററിംഗ് റിപ്പോർട്ടുകളും ഓഡിറ്റിൽ ലഭ്യമായിട്ടില്ല പദ്ധതികളും അവയുടെ വികസന നേട്ടങ്ങളും വിശകലനം ചെയ്താൽ മാത്രമേ പിന്നീട് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നും ഏതു രീതിയിലാണ് പദ്ധതി നടപ്പിലാക്കണമെന്നും തിരിച്ചറിയാനും ആ രീതിയിൽ പദ്ധതി നടപ്പിലാക്കാനും സാധിക്കുകയുള്ളൂ. ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ കൃത്യമായി വിശകലനം ചെയ്യുകയും മോണിറ്ററിംഗ് നടത്തുകയും പദ്ധതികൊണ്ട് സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായി എന്ന് കൃത്യമായി വിശകലനം ചെയ്യുകയും ചെയ്യേണ്ടതുണ്ട്.(സ.ഉ.(കൈ) നം.11/2018/ തസ്വഭവ, 29.01.2018 ഖ.13)

2. മുട്ടക്കോഴി കുഞ്ഞുങ്ങളെ ഗുണഭോക്താക്കൾക്ക് ലഭിച്ചതിന് ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകളും ഫയലിൽ ലഭ്യമല്ല. കൈപ്പറ്റ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-27 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - മോണിറ്ററിംഗ് ഇല്ല

2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ഏഴു പദ്ധതികളാണ് നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതികൾ അവലോകനം ചെയ്തു മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടിയിരുന്നത് കൃഷിയും അനുബന്ധ മേഖലകളും എന്ന വർക്കിംഗ് ഗ്രൂപ്പാണ്. മേൽപ്പറഞ്ഞ 7 പദ്ധതികളിലും ഇത്തരത്തിൽ ഒരു അവലോകനം നടത്തുകയോ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ കൃത്യമായ അവലോകനത്തിൽ മാത്രമേ പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ കൃത്യമായ മോണിറ്ററിംഗ് നടത്താത്തത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഒരു പദ്ധതിയുടെ പൂർണ വിജയം എന്നത് ആ പദ്ധതിയിൽ നിന്നും വികസനോന്മുഖമായ എന്ത് മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ ഉണ്ടായി എന്നുള്ളതാണ്.എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങളെ വിശകലനം ചെയ്യുന്ന യാതൊരുവിധ മോണിറ്ററിംഗ് റിപ്പോർട്ടുകളും ഓഡിറ്റിൽ ലഭ്യമായിട്ടില്ല .പദ്ധതികളും അവയുടെ വികസന നേട്ടങ്ങളും വിശകലനം ചെയ്താൽ മാത്രമേ പിന്നീട് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നും ഏതു രീതിയിലാണ് പദ്ധതി നടപ്പിലാക്കണമെന്നും തിരിച്ചറിയാനും ആ രീതിയിൽ പദ്ധതി നടപ്പിലാക്കാനും സാധിക്കുകയുള്ളൂ. ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ കൃത്യമായി വിശകലനം ചെയ്യുകയും മോണിറ്ററിംഗ് നടത്തുകയും പദ്ധതികൊണ്ട് സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായി എന്ന് കൃത്യമായി വിശകലനം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. പദ്ധതികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ / പേര് | അടങ്കൽ തുക₹ | ചെലവ് തുക₹ |
|---|---|---|---|
| 1 | 6/20 തെങ്ങു കൃഷിക്ക് ജൈവ വളം വിതരണം | 252237 | 252237 |
| 2 | 8/20<br>കുറ്റികുരുമുളക് വിതരണം വനിതാ ഗ്രൂപ്പുകൾക്ക് | 350000 | 350000 |
| 3 | 9/20<br>ടെറസിൽ പച്ച കൃഷിക്ക് മൺചട്ടി വിതരണം | 480000 | 480000 |
| 4 | 42/20<br>വനിതാ ഗ്രൂപ്പ് പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | 34000 | 34000 |
| 5 | 43/20<br>വനിതാ ഗ്രൂപ്പുകൾക്ക് വാഴത്തൈ വിതരണം | 28000 | 28000 |
| 6 | 45/20<br>വനിതാ ഗ്രൂപ്പുകൾക്ക് പച്ചക്കറി വിത്ത് വിതരണം | 10000 | 9780 |
| | | | |

| | | | | |
|---|---|---|---|---|
| 7 | 46/20<br>ശീതകാല പച്ചക്കറി തൈകൾ വിതരണം | 7500 | 7500 | |

## 1-28 പൊതുമരാമത്ത് പ്രവർത്തികൾ അവലോകനം

1)പദ്ധതി നിർവ്വഹണം

| | |
|---|---|
| ആകെ പദ്ധതികൾ | 48 |
| നടപ്പിലാക്കിയ പദ്ധതികൾ | 17 |
| ആകെ അടങ്കൽ | 15882941/- |
| ആകെ ചെലവ് | 5192218/- |
| നടപ്പിലാക്കിയ പദ്ധതി -ശതമാനം | 35.4% |
| ചെലവ് ശതമാനം | 32.6% |
| തൻവർഷം സ്പിൻ ലോവർ പദ്ധതികൾ | 14 |
| സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയത് | 10 |
| സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കാത്തത് | 4 |
| ആകെ പുതിയ പദ്ധതികൾ | 34 |
| പുതിയ പദ്ധതികൾ നടപ്പിലാക്കിയത് | 08 |
| പുതിയ പദ്ധതികൾ നടപ്പിലാക്കിയത് ശതമാനം | 23.5% |

അസിസ്റ്റൻറ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ നൃമാഹി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം അംഗീകരിച്ച പദ്ധതികളിൽ 14 എണ്ണം സ്പിൽ ഓവർ പ്രോജക്റ്റുകൾ ആയിരുന്നു .പ്രസ്തുത വർഷം അനുമതി ലഭിച്ച 34 പുതിയ പദ്ധതികളിൽ കേവലം 08 എണ്ണം മാത്രമേ പൂർത്തീകരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. പുതിയ പദ്ധതികളിൽ തൻ വർഷം 23.5% പ്രവൃത്തികൾ മാത്രമാണ് പഞ്ചായത്ത് പൂർത്തീകരിച്ചത്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും അതാതു വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

2)മത്സരാധിഷ്ഠിത ടെൻഡർ ലഭിക്കുന്നില്ല

| | |
|---|---|
| ആകെ ടെൻഡർ ചെയ്ത പ്രവൃത്തികൾ | 28 |
| ടെൻഡറുകൾ ലഭിക്കാത്ത പ്രവൃത്തികൾ | 27 |
| റീടെൻഡർ ചെയ്ത പ്രവൃത്തികൾ | 18 |
| റീടെൻഡർ ചെയ്യാത്ത പ്രവൃത്തികൾ | 09 |
| റീടെൻഡർ ചെയ്തതിൽ ടെൻഡർ ലഭിക്കാത്ത പ്രവൃത്തികൾ | 06 |

ഗ്രാമപഞ്ചായത്തിൽ അഞ്ചു ലക്ഷത്തിന് മുകളിൽ വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ E-Tender സംവിധാനം വഴിയും മറ്റുള്ളവ മാന്വൽ ടെൻഡർ സംവിധാനം വഴിയാണ് നടപ്പിലാക്കി വരുന്നത്. 2019- 20 സാമ്പത്തിക വർഷം ആകെ

ടെൻഡർ ചെയ്ത കരാറുകളിൽ ഒരെണ്ണത്തിന് മാത്രമാണ് കരാറുകാർ ടെൻഡറിൽ പങ്കെടുത്തത്, ബാക്കിയൊന്നിലും കരാറുകാർ ആരുംതന്നെ ടെൻഡറിൽ പങ്കെടുത്തതായി കാണുന്നില്ല. പഞ്ചായത്ത് ടെൻഡർ ചെയ്യുന്ന പ്രവർത്തികളിൽ ടെൻഡറിൽ പങ്കെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് ഭരണസമിതി അന്വേഷിക്കേണ്ടതാണ് .ഭാവിയിൽ കൂടുതൽ പരസ്യപ്രചാരണങ്ങൾ വഴി കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് ടെൻഡർ കൂടുതൽ മത്സരാധിഷ്ഠിത മാക്കാൻ എഞ്ചിനീയറിംഗ് വിഭാഗം ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2019-20 | 17-2-2022 & 18-2-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.7/305/2022 തീയ്യതി-05-05-2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 2048451 രൂപയുടേയും കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നുമ ലഭിച്ച 262184 രൂപയുടേയും വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രോജക്ട് നമ്പർ / പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 17000 | 42/20 വനിത ഗ്രൂപ്പ് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 17000 | ഇല്ല |
| 2 | തലശ്ശേരിബ്ലോക്ക് പഞ്ചായത്ത് | 125710 | 62/20 സാന്ത്വന പരിചരണം | 125710 | ഇല്ല |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 162184 | | 162184 | ഇല്ല |
| 4 | തലശ്ശേരിബ്ലോക്ക് പഞ്ചായത്ത് | 75000 | 12/20 വീട് വാസയോഗ്യമാക്കൽ പട്ടികജാതി | 75000 | ഇല്ല |
| 5 | തലശ്ശേരിബ്ലോക്ക് പഞ്ചായത്ത് | 269800 | 15/20 | 269800 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ജനറൽ | | |
| 6 | തലശ്ശേരിബ്ലോക്ക് പഞ്ചായത്ത് | 100000 | 24/20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | | 100000 | ഇല്ല |
| 8 | തലശ്ശേരിബ്ലോക്ക് പഞ്ചായത്ത് | 1335941 | 134/20 ന്യൂമാഹി പി.എച്ച്.സി കെട്ടിടം വിപുലീകരണം | 1335941 | ഇല്ല |
| 9 | തലശ്ശേരിബ്ലോക്ക് പഞ്ചായത്ത് | 125000 | 34/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | ഇല്ല |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നമ്പർ /പേര് | ബിൽ നമ്പർ/ തീയ്യതി | തുക ₹ | ചെലവഴിച്ച തുക ₹ | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 178/20 പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോൾ ഷിഫ്റ്റിംഗിനുള്ള തുക | ചെക്ക് നമ്പർ 02005603/24-2-2020 ചെക്ക് നമ്പർ 02006677/20-3-2020 | 26904 7044 | 33950 | പൂർത്തീകരിച്ചിട്ടില്ല | - |
| | | ആകെ | 33950 | 33950 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018/ ത.സ്വ.ഭ.വ/ 18-5-2018 | 1540000 | 1540000 | 161765 | - | 1378235 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 1744688 |
| തൻവർഷം നിക്ഷേപിച്ചത് | 143112 |
| ആകെ | 1887800 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 1887800 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | തലശ്ശേരി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, ന്യൂമാഹി ബ്രാഞ്ച് FD നമ്പർ 005001077443/30-6-2019 | 30-6-2020 | 1877800 |
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഷെയർ നമ്പർ 189/8-10-2014 | - | 10000 |
| | ആകെ | | 1887800 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹21415 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ / തീയ്യതി |
|---|---|---|---|---|---|
| 1 | 2017-18 | 3-15 | 490 | കംപ്യൂനെറ്റ്, കണ്ണൂർ | 119020100780/25-6-2019 |
| 2 | 2017-18 | 3-28 | 2247 | രാജീവൻ. എം. | 119020100871/4-7-2019 |
| 3 | 2017-18 | 3-26 | 346 | സുരേഷ് ബാബു. സി. ടി. | 119020100780/25-6-2019 |
| 4 | 2017-18 | 3-27 (1,2,5) | 1242 | സുരേഷ് ബാബു. സി. ടി. | 119020100965/12-7-2019 |
| 5 | 2017-18 | 3-26(2) | 4154 | ശരത് കുമാർ | 119020100980/12-7-2019 |
| 6 | 2017-18 | 3-27(3,4) | 856 | ശരത് കുമാർ | 119020100981/12-7-2019 |
| 7 | 2017-18 | 3-26(3) | 140 | ശരത് കുമാർ | 119020101016/16-7-2019 |
| 8 | 2017-18 | 3-25 | 11940 | സുരേഷ് ബാബു. | 119020103551/6-1-2020 |
| | ആകെ | | 21415 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)0 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 31(എ) | 2002-03 | VII-13 | പൊതുമരാമത്ത് അപാകങ്ങൾ | വിവരം ലഭ്യമല്ല |
| 2014-15 | 2-5 | 2016-17 | 2 അനുബന്ധം-4 | തൊഴിൽ നികുതി | തുക ഒടുക്കിയിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ. സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 32441093 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 28664620 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 27400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 79500 |

**ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-20 | - | 800 | ഡോ. സന്തോഷ് കുമാർ. ടി.വി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-21 | - | 26600 | ശ്രീമതി ശാലിനി ദേവി, ഹെഡ്മാസ്റ്റർ - ₹ 16800<br>ശ്രീ. സജീവ് ടി.കെ., ഹെഡ്മാസ്റ്റർ - ₹9800 |
| ആകെ | | 27400 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-19 | 36000 | ഡോ. സന്തോഷ് കുമാർ. ടി.വി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-22 | 36000 | ശ്രീ. സജീവ് ടി.കെ. , ഹെഡ്മാസ്റ്റർ |
| 1-23 | 7200 | ശ്രീമതി. ജീന കോറോത്ത്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| | | |
|---|---|---|
| 1-25 | 300 | ശ്രീ. സജീവ് ടി.കെ., ഹെഡ്മാസ്റ്റർ |
| ആകെ | 79500 | |

**സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സന്തോഷ് കുമാർ. ടി.വി, മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ ആയുർവേദം ന്യൂമാഹി ഗ്രാമ പഞ്ചായത്ത് | സുഖവാസ പാച്ചപ്പൊയ്ക-പി.ഒ കണ്ണൂർ |
| ശ്രീ. സജീവ്. ടി.കെ, ഹെഡ് മാസ്റ്റർ | എൽ.പി.എസ്.എ ജി.എൽ.പി.എസ് കുറിച്ചിയിൽ | തമന്ന, കുഴിയിൽ മണശ്ശേരി-പി.ഒ മുക്കം, കോഴിക്കോട് |
| ശ്രീമതി. ജീന കോറോത്ത്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ന്യൂമാഹി ഗ്രാമ പഞ്ചായത്ത് | ആർദ്രം നങ്ങാരത്ത് പീടിക പി.ഒ- ടെമ്പിൾ ഗേറ്റ്, തലശ്ശേരി |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 5 |
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 8 |
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 4 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 9 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 2 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 2 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ | 3 |

| | | |
|---|---|---|
| | സി.7/789/2019 തീ. 17-9-2019 | |
| 2010-11 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 1 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 2 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 7 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 9 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/789/2019 തീ. 17-9-2019 | 12 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/201/2019 തീ. 24-3-2019 | 22 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/90/2020 തീ. 29-2-2020 | 25 |

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## Receipt & Payment Statement of New Mahe Grama Panchayat For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 17446655.00 |
| Cash | Cash | RP-40(a) | 71847.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 638610.00 |
| 130000000 | Rental income from Panchayat Properties | RP-3 | 30160.00 |
| 140000000 | Fees & User Charges | RP-4 | 394631.00 |
| 150000000 | Sale & Hire Charges | RP-5 | 47967.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 20114934.00 |
| 171000000 | Interest Earned | RP-9 | 920607.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5626579.00 |
| 350000000 | Other Liabilities | RP-36 | 105894.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 148100.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 29294.00 |
| 311000000 | Earmarked Funds | RP-29 | 18107.00 |
| 340000000 | Deposits Received | RP-34 | 77312.00 |
| 350000000 | Other Liabilities | RP-36 | 493032.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3740916.00 |
| 460000000 | Loans, Advances and Deposits | RP-47 | 54950.00 |
| | **Grand total** | | **49959595.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3403805.00 |
| 220000000 | Administrative Expenses | RP-12 | 600238.00 |
| 230000000 | Operations & Maintenance | RP-13 | 525772.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1976717.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8140480.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1965074.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 841259.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 210600.00 |
| 255000000 | Maintenance Projects | RP-20 | 2740687.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -32805.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 76260.00 |
| 350000000 | Other Liabilities | RP-36 | 4326980.00 |

| | | | |
|---|---|---|---|
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2066.00 |
| 340000000 | Deposits Received | RP-34 | 8712.00 |
| 350000000 | Other Liabilities | RP-36 | 1661743.00 |
| 410000000 | Fixed Assets | RP-38 | 243899.00 |
| 412000000 | Capital work in Progress | RP-40 | 798399.00 |
| 460000000 | Loans, Advances and Deposits | RP-47 | 674734.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 21294975.00 |
| Cash | Cash | RP-40(b) | 0.0 |

## അനുബന്ധം 4

## Income & Expenditure Statement of New Mahe Grama Panchayat For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3386782.00 |
| 130000000 | Rental Income from Panchayat/Municipal Properties | I-3 | 779477.00 |
| 140000000 | Fee & User Charges | I-4(b) | 746431.00 |
| 150000000 | Sale & Hire Charges | I-5(b) | 47967.00 |
| 160000000 | Revenue Grants, Funds, Contributions & Compensations/Subsidies | I-6 | 40319509.00 |
| 170000000 | Income from Investments | I-7 | 279009.00 |
| 171000000 | Interest Earned | I-8 | 920607.00 |
| 180000000 | Other Income | I-9 | 29294.00 |
| | **Total Income** | | **46509076.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9245843.00 |
| 220000000 | Administrative Expenses | I-11(b) | 600238.00 |
| 230000000 | Operations & Maintenance | I-12(b) | 525772.00 |
| 240000000 | Interest & Finance Charges | I-13 | 2066.00 |
| 250000000 | Decentralised Plan Programme-Productive Sector/Programme Expenses | I-14 | 2109801.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 11980812.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1965074.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 841259.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 13066000.00 |
| 255000000 | Maintenance Projects | I-14(e) | 2740687.00 |
| 260000000 | Grants, Contributions & Compensation from Own Fund/Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 1716125.00 |
| | **Total Expenditure** | | **45293677.00** |

| | | | |
|---|---|---|---|
| | **Gross Surplus/ Deficit of income over Expenditure** | | **1215399.00** |
| 280000000 | Prior Period Item | I-18 | -223698.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **1439097.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 5

## Balance Sheet of New Grama Panchayat For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 19811559.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 82832.00 |
| 312000000 | Reserves | B-3 | 22619597.00 |
| | **Total Reserve & Surplus** | | **42513988.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4246922.00 |
| | **Total Grants, Contributions for Specific Purposes** | | **4246922.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 1378235.00 |
| | **Total Loans** | | **1378235.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 566052.00 |
| 350000000 | Other Liabilities | B-9 | 1093437.00 |
| | **Total Current Liabilities and Provisions** | | **1659489.00** |
| | **TOTAL LIABILITIES** | | **49798634.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 33233993.00 |
| 411000000 | Accumulated Depreciation | B-11 | -7201257.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **26032736.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1887800.00 |
| | **Total Investments** | | **1887800.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 130011.00 |
| 450000000 | Cash and Bank Balance | B-17 | 21294975.00 |
| 460000000 | Loans, Advances and Deposits | B-18 | 453112.00 |
| | **Total Current Assets, Loans and Advances** | **21878098.00** | |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |

| | | | |
|---|---|---|---|
| | TOTAL ASSETS | 49798634.00 | |

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം**